രണ ശൃംഖലവഴി ഓണക്കാലത്ത് വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങൾ ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ഓണക്കാലത്ത് ലഭ്യമാക്കുവാനും ഫുഡ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഓണക്കാലത്ത് പരിശോധനാ വിഭാഗങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുള്ള നടപടികളും എടുത്തുകഴിഞ്ഞു,

(സി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഓണക്കാല ത്തുണ്ടാകാവുന്ന വിലവർദ്ധനവ് തടയുന്നതിന് വിപുലമായ സംവിധാനം ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏത്തക്കായ, പച്ചക്കറികൾ എന്നിവ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന തിനുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങ ളിൽ 30.7.99 മുതൽ 24.8.99 വരെ 26 ദിവസം നീണ്ടുനിൽക്കുന്ന ഓണം മെട്രോ ഫെയറുകൾ നടത്തുന്നതിനും മറ്റു ജില്ലാ ആസ്ഥാനങ്ങളിൽ 10.8.99 മുതൽ 24.8.99 വരെ ഓണം ഫെയറുകൾ നടത്തുന്നതിനും താലൂക്ക്/മുനിസിപ്പൽ കേന്ദ്രങ്ങളിൽ 19.8.99 മുതൽ 24.8.99 വരെ 77 ഓണച്ചന്തകൾ നടത്തുന്നതിനും വിപുലമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതുകൂടാതെ സംസ്ഥാനത്തെ 664 മാവേലി സ്റ്റോറുകളും 18 സൂപ്പർ മാർക്കറ്റുകളും ഓണവിൽപനയിൽ സുപ്രധാന പങ്കുവഹിക്കും. ഇതിനായി അവശ്യസാധനങ്ങൾ മുൻകൂട്ടി സ്റ്റോക്കു ചെയ്യുന്നതിനുള്ള നിർദ്ദേശം കോർപ്പ റേഷന്റെ എല്ലാ ജില്ലാ/താലൂക്ക് ഡിപ്പോകൾക്കും നൽകിയിട്ടുണ്ട്. മാത്രമല്ല തെരഞ്ഞെടുക്കപ്പെട്ട 2000-ത്തിൽപ്പരം റേഷൻ കടകൾവഴിയും 1612 സഹക രണ സംഘങ്ങൾ നടത്തുന്ന ഓണച്ചന്തകൾ വഴിയും സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ അവശ്യസാധനങ്ങളുടെ വിതരണം നിർവ്വഹിക്കുന്ന താണ്.

ഇതിനെല്ലാം പുറമെ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഓണത്തിന് റേഷൻകടകൾവഴി കാർഡൊന്നിന് 1 1/2 കി.ഗ്രാം സ്പെഷ്യൽ പഞ്ചസാര നൽകുന്നതിനും 28 ലക്ഷത്തോളം സ്കൂൾ കുട്ടികൾക്ക് 5 കിലോ വീതം അരി സൗജന്യമായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഓണക്കാലത്തെ വിലനിയന്ത്രണം

118 (3047) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനുള്ള പരി പാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സ്വകാര്യകച്ചവടക്കാർ കൃത്രിമവിലക്കയറ്റം സൃഷ്ടി ക്കാതിരിക്കാൻ പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, കൃത്രിമ ക്ഷാമം എന്നിവ നിയന്ത്രിക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. പൊതുവി

LIBRARY ARCHIVES Kerala Legislative Assembly

തരണ ശൃംഖലവഴി ഓണക്കാലത്ത് വിതരണത്തിന് തെരഞ്ഞെടുക്കുന്ന റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഓണക്കാലത്ത് ലഭ്യമാക്കാനും ഫുഡ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഓണക്കാലത്ത് പരിശോധനാവിഭാഗം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുള്ള നടപടിയും എടുത്തുകഴിഞ്ഞു.

ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാതിരിക്കുന്നതിനും ജനങ്ങൾക്ക് അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 91 ഓണച്ചന്തകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ 30.7.99 മുതൽ 24.8.99 വരെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മെട്രോഫെയറുകളും ജില്ലാ ആസ്ഥാനങ്ങളിൽ 10.8.99 മുതൽ 24.8.99 വരെ 11 ഓണം ഫെയറുകളും 18.8.99 മുതൽ 24.8.99 വരെ താലൂക്ക്/മുനിസിപ്പൽ കേന്ദ്രങ്ങളിൽ 77 ഓണച്ചന്തകളും നടത്തുന്നതാണ്. ഏത്തക്കായ, പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ഇത്തരം മാർക്കറ്റുകളിലൂടെ ന്യായവിലയ്ക്ക് ലഭ്യമാകും.

കൂടാതെ സംസ്ഥാനത്തെ 664 മാവേലിസ്റ്റോറുകൾ, 18 സൂപ്പർ മാർക്കറ്റുകൾ, 2000 ത്തിൽപ്പരം തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾ, 1612 സഹകരണ സംഘങ്ങൾ നടത്തുന്ന ഓണച്ചന്തകൾ എന്നിവയിലൂടെയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ അവശ്യസാധനങ്ങളുടെ വിതരണം നടത്തും. മാത്രമല്ല റേഷൻകടകളിലൂടെ ഓരോ കാർഡുടമകൾക്കും 1 1/2 കി.ഗ്രാം സ്പെഷ്യൽ പഞ്ചസാരയും സ്കൂൾ വിദ്യാർത്ഥികൾക്ക് 5 കിലോ അരി വീതവും നൽകുന്നതിനും കോർപ്പറേഷൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

മാവേലി സ്റ്റോർ

119 (3048) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചു എന്നറിയിക്കുമോ;

(ബി) പുതുതായി അനുവദിക്കപ്പെട്ട മാവേലി സ്റ്റോറുകൾ ഏതൊക്കെ എന്നറിയിക്കുമോ;

(സി) ഉദുമ മണ്ഡലത്തിൽ പുതുതായി മാവേലി സ്റ്റോർ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തത് എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly